**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീട് നിർമ്മാണം/ പുനരുദ്ധാരണം, സ്മാർട്ട് പഠനമുറി നിർമ്മാണം എന്നിവ സ്വന്തമായി നടത്തുന്ന സമയത്ത് പ്രാദേശിക കോൺട്രാക്ടർമാർ ഇവരെ ബന്ധപ്പെട്ട് ധനസഹായം കൈപ്പറ്റിയ ശേഷം നിർമ്മാണം നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **വയനാട്, ഇടുക്കി ജില്ലകളിലെ ചില പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീട് നിർമ്മാണം/പുനരുദ്ധാരണം, എന്നിവ സ്വന്തമായി നടത്തുന്ന സമയത്ത് പ്രാദേശിക കോൺട്രാക്ടർമാർ ഇവരെ ബന്ധപ്പെട്ട് ധനസഹായം കൈപ്പറ്റിയ ശേഷം നിർമ്മാണം നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് പരാതികൾ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് പ്രാദേശികമായി ചെയ്യേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ഇതിന് പരിഹാരമായി പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ രജിസ്റ്റേഡ് സൊസൈറ്റികൾ മുഖാന്തരം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സ്വന്തമായി നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുവാൻ പ്രാപ്തരല്ലാത്തവരുടെ കാര്യത്തിൽ ഗോത്രജീവിക സംഘം ഉൾപ്പെടെയുള്ള രജിസ്റ്റേഡ് സൊസൈറ്റികൾ മുഖാന്തരം നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ